**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** **15-03-2022 - ൽ മറുപടിയ്ക്ക്**

**വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്ന തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 1. ബ്ലാക്ക്സ്പോർട്ടുകൾ പഠനങ്ങൾ നടത്തി കണ്ടെത്തുകയും, അവ പരിഹരിക്കാനുള്ള തുടർനടപടികൾ റോഡ് ഓണിംഗ് ഏജൻസികളും. എൻഫോഴ് സ് മെന്റ് ഏജൻസികളുമായി ചേർന്ന് എടുത്തു വരികയുമാണ്. 2. അപകടങ്ങൾ കുറയ്ക്കാൻ ബൃഹത്തായ റോഡ് സുരക്ഷാ ബോധവൽക്കരണ പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 3. കാൽനടയാത്രക്കാരുടെ സുരക്ഷ മുൻ നിർത്തി നടപ്പാതകൾ നിർമ്മിക്കുക, നടപ്പാതയിലെ തടസ്സങ്ങൾ നീക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുക, സ്കൂൾ സോൺ പദ്ധതികൾ മുതലായവ നടപ്പിലാക്കി വരുന്നു. 4. റോഡപകടത്തിൽപ്പെടുന്നവരെ ഉടൻ ആശുപത്രിയിൽ എത്തിക്കാൻ കഴിയുന്ന വിധത്തിൽ ആംബുലൻസുകൾ അപകട മേഖലകൾ കേന്ദ്രീകരിച്ച് വിന്യസിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. 5. റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ മലയോരപാതകളിലും, ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും, മറ്റു അപകടമേഖകളിലുമുള്ള പാതകളിലും അടിയന്തിരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൊതു മരാമത്ത് (റോഡ്സ്) വകുപ്പ് വിഭാഗം മുഖാന്തിരം നടത്തി വരുന്നു. 6. റോഡ് അപകടത്തിൽപ്പെട്ടവരുടെ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും രക്ഷിക്കാൻ ഹൈവേ പെട്രോളിംഗ് വാഹന ങ്ങളിൽ ഡിഫൻഡർ ട്രോമ കിറ്റ് വാങ്ങുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകിയിട്ടുണ്ട്. 7. ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസിംഗ്, ബസ്സ്ബേകൾ, സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, |

| | | | |
|---|---|---|---|
| | | | ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാ സൗകര്യങ്ങൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. 8. ഗുരുതരമായ റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, സംയുക്ത മായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നു. 9. റോഡ് സുരക്ഷാ ഉറപ്പുവരുത്താൻ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള പദ്ധതി.' സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ് സ് മെന്റ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) | വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | എല്ലാ പ്രധാന റോഡുകളിലും Artificial Intelligence അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ANPR ക്യാമറകൾ സ്ഥാപിച്ച് എൻഫോഴ് സ് മെന്റ് ശക്തിപ്പെടുത്താനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ്, പോലീസ് മുതലായ എൻഫോഴ് സ് മെന്റ് ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് 700-ൽ പരം ക്യാമറകൾ സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 85 എൻഫോഴ് സ് മെന്റ് സ്ക്വാഡുകൾ കേരളത്തിൽ ഉടനീളം എൻഫോഴ് സ് മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ